## കേരള സർക്കാർ

### സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നിയമസഭാ മണ്ഡലത്തിലെ വക്കാട് താലൂക്ക് ഓഫീസ് മുതൽ വഞ്ചിക്കടവ് വഴി പുന്ന വരെയുള്ള റോഡിന്റെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം വാക്കയിൽ റോഡ്, ചെഉവേര റോഡ്, കാടാമ്പുള്ളി എന്നീ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)No.116/2026/F&P** **Dated,23/02/2026**

---

എ.എസ് നമ്പർ : AS/FSH/25/47263 കാലാവധി : 22/02/2029

പരാമർശം:- 1. സ.ഉ.(സാധാ) നം. 810/2025/മതുവ തീയതി, 29.10.2025
2. ബഹു.ഗുരുവായൂർ എം.എൽ.എ യുടെ 76/2026എൻ.കെ.എ/ജി.വി.ആർ നമ്പർ കത്ത്.

### ഉത്തരവ് - പുതുക്കിയ എ എസ്

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നിയമസഭാ മണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിയിലെ വക്കാട് താലൂക്ക് ഓഫീസ് മുതൽ വഞ്ചിക്കടവ് വഴി പുന്ന വരെയുള്ള റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ടി റോഡ് തകരുകയും വലിയ ജനപ്രതിഷേധം ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ നഗരസഭ അടിയന്തര നവീകരണം ചെയ്തിട്ടുള്ളതിനാൽ ടി പ്രവൃത്തി ഒഴിവാക്കി ഗുരുവായൂർ നഗരസഭയിലെ വാർഡ് 1 ലെ വാക്കയിൽ റോഡ്, വാർഡ് 39 ലെ ചെഉവേര റോഡ്, വടക്കേക്കാട് ഗ്രാമ പഞ്ചായത്തിൽ വാർഡ് 16 ലെ കാടാമ്പുള്ളി എന്നീ റോഡുകൾക്ക് ഭരണാനുമതി നൽകണമെന്ന് ബഹു. എം.എൽ.എ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു. എം.എൽ.എ യുടെ അഭ്യർത്ഥന പരിഗണിച്ച്, തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നിയമസഭാ മണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിയിലെ വക്കാട് താലൂക്ക് ഓഫീസ് മുതൽ വഞ്ചിക്കടവ് വഴി പുന്ന വരെയുള്ള റോഡിന് പരാമർശം (1) പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് പകരം വാക്കയിൽ റോഡ്, ചെഉവേര റോഡ്, കാടാമ്പുള്ളി എന്നീ റോഡുകളുടെ

AS/FSH/25/47263

നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് താഴെ പറയുന്ന പ്രകാരം ഈ സാമ്പത്തിക വർഷത്തെ 4405-00-103-94-തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും 95.80 ലക്ഷം രൂപയുടെ (തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4405-00-103-94-00-00-0-N-V | 95,80,000 | AS/FSH/25/47263 | 2028-10-28 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ - Revised

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ഗുരുവായൂർ നഗരസഭയിലെ വാർഡ് 1 ലെ വാക്കയിൽ റോഡ് | 23,50,000 |
| 2 | ഗുരുവായൂർ നഗരസഭയിലെ വാർഡ് 39 ലെ ചെഉവേര റോഡ് | 53,30,000 |
| 3 | വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ലെ കാടാമ്പുള്ളി റോഡ് | 19,00,000 |
| ആകെ (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തിഎൺപതിനായിരം രൂപ) | | **95,80,000** |

## പഴയ എ എസിന്റെ വിവരങ്ങൾ

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ചാവക്കാട് മുനിസിപ്പാലിറ്റിയിലെ ചാവക്കാട് താലൂക്ക് ഓഫീസ് മുതൽ വഞ്ചിക്കടവ് വഴി പുന്ന വരെയുള്ള റോഡ് പുനരുദ്ധാരണം | 95,80,000 |
| ആകെ (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തിഎൺപതിനായിരം രൂപ) | | **95,80,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

ജോയിന്റ് സെക്രട്ടറി

മത്സ്യബന്ധന വകുപ്പ്

AS/FSH/25/47263

To
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. സി3/277/2024/മതുവ,സി3/195/2025/മതുവ, സി3/197/2025/മതുവ, സി3/26/2026/മതുവ )

ഓർഡർ പ്രകാരം കൈമാറി,
Sameer Kumar O.J

Digitally signed by Sameer Kumar. O. J
Date:23-02-2026 11:00:24

AS/FSH/25/47263